# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 16.02.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. ന്യൂഡൽഹി റെയിൽവേ സ്റ്റേഷൻ ദുരന്തത്തിൽ അന്വേഷണം ആരംഭിച്ച് റെയിൽവേ. മരിച്ചവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ ധനസഹായം. അനുശോചനം അറിയിച്ച് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ളവർ.

   **Railways starts investigation into New Delhi railway station tragedy. Rs 10 lakh compensation to kin of deceased. President, Vice President, Prime Minister express condolences.**

2. ഗോത്രവിഭാഗങ്ങളെ പങ്കെടുപ്പിച്ച് സംഘടിപ്പിക്കുന്ന ആദി മഹോത്സവ് 2025 രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഉദ്ഘാടനം ചെയ്യും.

   **President Draupadi Murmu will inaugurate Aadi Mahotsav 2025, organized with the participation of tribal groups, today.**

3. ഭാരത് ടെക്സ് 2025 പരിപാടിയെ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi will address the Bharat Tex 2025 program in New Delhi today.**

4. മഹാകുംഭമേളയോടനുബന്ധിച്ച് നടക്കുന്ന പക്ഷി മഹോത്സവത്തിന് പ്രയാഗ്‌രാജിൽ ഇന്ന് തുടക്കം.

   **The Bird Festival held in connection with the Mahakumbh Mela begins in Prayagraj today.**

5. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ വൻ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan says that major changes are taking place in the public education sector in Kerala.**

6. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുഹമ്മദൻ എസ് സി, ഈസ്റ്റ് ബംഗാളിനെ നേരിടും.

**Mohammedan SC will face East Bengal today in ISL football.**

&&&&&&&&&&&&&&&&

## DAY DELHI RS - STAMPEDE

ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ ഇന്നലെ രാത്രി തിക്കിലും തിരക്കിലും പെട്ടുണ്ടായ ദുരന്തത്തിൽ റെയിൽവേ അന്വേഷണം ആരംഭിച്ചു. അപകടത്തിൽ മരണം 18 ആയതായി റിപ്പോർട്ട്. ഇതിൽ 11 സ്ത്രീകളും അഞ്ച് കുട്ടികളും ഉൾപ്പെടുന്നു. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് ഡൽഹി പോലീസും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. മഹാകുംഭമേളയിൽ പങ്കെടുക്കാൻ പ്രയാഗ്‌രാജിലേക്കുള്ള ട്രെയിൻ കാത്തുനിന്നവരാണ് അപകടത്തിൽപെട്ടത്.

&&&&&&&&&&&&&&&&

## HEADLINE – 1
## RAILWAY COMPENSATION

ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ തിരക്കിൽ പെട്ട് മരിച്ചവരുടെ ആശ്രിതർക്ക് റെയിൽവേ 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും, ഗുരുതരമായി പരിക്കേറ്റവർക്ക് രണ്ടര ലക്ഷം രൂപയും നൽകുമെന്നും റെയിൽവേ അറിയിച്ചു. അതിനിടെ, അപകടത്തിൽ മരിച്ച ബിഹാർ സ്വദേശികളുടെ ആശ്രിതർക്ക് 2 ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകുമെന്ന് ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 1 (A)
## PREZ NDLS STAMPEDE

ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിലുണ്ടായ ദുരന്തത്തിൽ അതിയായ ദുഃഖം അറിയിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. മരിച്ചവരുടെ കുടുംബങ്ങളെ രാഷ്ട്രപതി അനുശോചനം അറിയിച്ചു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെ എന്ന് രാഷ്ട്രപതി സോഷ്യൽ മീഡിയ പോസ്റ്റിൽ കുറിച്ചു. സംഭവത്തിൽ ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, റെയിൽവേ, ആഭ്യന്തര, രാജ്യരക്ഷ മന്ത്രിമാർ തുടങ്ങിയവരും ദുഃഖം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&

## MORN. PM SUMMIT - INTRO

ഭാവിയെക്കുറിച്ചുള്ള ആഗോള ചർച്ചകളുടെ കേന്ദ്രബിന്ദു മാത്രമല്ല, ചർച്ചകൾക്ക് നേതൃത്വം നൽകുന്ന രാജ്യം കൂടിയാണ് ഇന്ന് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ഇന്നലെ ഒരു മാധ്യമ സ്ഥാപനം സംഘടിപ്പിച്ച സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഒരു ദശാബ്ദം കൊണ്ട് ഏറ്റവും ബൃഹത്തായ അഞ്ച് സമ്പദ്‌വ്യവസ്ഥകളിൽ ഒന്നായി രാജ്യം മാറി. വരും വർഷങ്ങളിൽ ഇന്ത്യ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുമെന്നും ശ്രീ മോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

(ഹോൾഡ് വോയിസ് പി എം)

വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ സ്വകാര്യ മേഖലയെ സുപ്രധാന പ്രധാന പങ്കാളിയായി സർക്കാർ കാണുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## HEADLINE – 2
## PREZ- AADI MAHOTSAV

ആദി മഹോത്സവ് 2025 രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യും. ഗോത്ര വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, ഗോത്ര സമൂഹങ്ങളുടെ കരകൗശലം, സംസ്കാരം, ഭക്ഷണം തുടങ്ങിയവ പ്രചരിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&

## HEADLINE – 3
## PM BHARAT TEX

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഭാരത് ടെക്സ് 2025 പരിപാടിയെ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം അഭിസംബോധന ചെയ്യും. അസംസ്കൃത വസ്തുക്കൾ മുതൽ ഉൽപ്പന്നങ്ങൾ വരെയുള്ള മുഴുവൻ തുണിത്തരങ്ങളുടെയും മൂല്യ ശൃംഖലയെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന പരിപാടിയാണ് ഭാരത് ടെക്സ് 2025. വെള്ളിയാഴ്ച ആരംഭിച്ച പരിപാടി നാളെ സമാപിക്കും.

&&&&&&&&&&&&&&&&

## HEADLINE – 4
### MAHAKUMBH - BIRD FESTIVAL, CLIMATE CONFERENCE

മഹാകുംഭമേളയോടനുബന്ധിച്ച് നടക്കുന്ന പക്ഷി മഹോത്സവത്തിന് പ്രയാഗ്‌രാജിൽ ഇന്ന് തുടക്കമാകും. പ്രകൃതിയുടെയും, പക്ഷികളുടെയും സംരക്ഷണം സംബന്ധിച്ച് അവബോധം സൃഷ്ടിക്കാൻ പരിപാടി ലക്ഷ്യമിടുന്നു. ഗംഗ, യമുന, ചമ്പൽ നദിക്കരകളിൽ കാണപ്പെടുന്ന 'ഇന്ത്യൻ സ്കിമ്മർ' പക്ഷിയാണ് പരിപാടിയുടെ ഭാഗ്യചിഹ്നം. കാലാവസ്ഥ വ്യതിയാനം

സംബന്ധിച്ച ഒരു സമ്മേളനവും പ്രയാഗ്‌രാജിൽ ഇന്ന് ആരംഭിക്കും. ഉത്തർ പ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് സമ്മേളനം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

## HEADLINE – 5
## KERALA CM - KANNUR

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ വിദ്യാഭ്യസ മേഖലയുടെ വികസനത്തിന് പൊതു സമൂഹം വലിയപങ്കു വഹിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ പെരളശ്ശേരി എ.കെ.ജി. സ്മാരക ഗവ. ഹയർ സെക്കൻററി സ്കൂളിൻറെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 20 കോടി രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മിച്ചത്. ചടങ്ങിൽ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷനായി.

&&&&&&&&&&&&&&&&

## QATAR AMIR VISIT

ഖത്തർ അമീർ -ഷെയ്ഖ് തമിം ബിൻ ഹമദ് അൽ താനി- രണ്ടു ദിവസത്തെ സന്ദർശനത്തിനായി നാളെ ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം. ഈ മാസം 18 ന് രാഷ്ട്രപതി ഭവനിൽ അദ്ദേഹത്തിന് ആചാരപരമായ സ്വീകരണം നൽകും. സന്ദർശനത്തിൽ രാഷ്ട്രപതിയുമായും പ്രധാനമന്ത്രിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. വ്യാപാരം, നിക്ഷേപം, ഊർജ്ജം എന്നീ മേഖലകളിൽ ഇന്ത്യയും ഖത്തറും തമ്മിലുള്ള ബന്ധം ശക്തമായി തുടരുകയാണ്.

&&&&&&&&&&&&&&&&

## CRICKET -WPL

വനിതാ പ്രീമിയർ ലീഗ് ട്വൻറി-20 ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയ്ൻറ്സ്, യു പി വാരിയേഴ്സുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ രണ്ട് വിക്കറ്റിന് ഡൽഹി പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&

## HEADLINE – 6
## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുഹമ്മദെൻ എസ് സി, ഈസ്റ്റ് ബംഗാളിനെ നേരിടും. കൊൽക്കത്തയിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ എതിരില്ലാത്ത മൂന്ന് ഗോളിന് ബ്ലാസ്റ്റേഴ്സിനെ മോഹൻ ബഗാൻ പരാജയപ്പെടുത്തി. ഇതോടെ മോഹൻബഗാൻ പോയിൻറ് പട്ടികയിൽ ഒന്നാമതെത്തി.

&&&&&&&&&&&&&&&&

## FIT INDIA- MANDAVYA - INTRO

മുംബൈയിൽ നടന്ന 'ഫിറ്റ് ഇന്ത്യ- സൺഡേയ്സ് ഓൺ സൈക്കിൾ' പരിപാടിയിൽ കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ പങ്കെടുത്തു. ഗേറ്റ്‌വേ ഓഫ് ഇന്ത്യ മുതൽ ഗിർഗാവ് ചൗപട്ടി വരെ അദ്ദേഹം സൈക്കിളിൽ യാത്ര ചെയ്തു. 'ഫിറ്റ് ഇന്ത്യ' എന്ന ലക്ഷ്യം സജീവമായി നിലനിർത്താൻ പരിപാടി സഹായിക്കുമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. സൈക്കിൾ സവാരി മലിനീകരണം കുറയ്ക്കുമെന്നും, അമിതവണ്ണത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ ഇത്തരം പരിപാടികളിലൂടെ കഴിയുമെന്നും ശ്രീ. മാണ്ഡവ്യ അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്- മാണ്ഡവ്യ)

&&&&&&&&&&&&&&&&

## PM KASHI TAMIL SAMAGAM

കാശി തമിഴ് സംഗമത്തിൻറെ മൂന്നാം പതിപ്പിന് ഉത്തർപ്രദേശിലെ വാരാണസിയിൽ തുടക്കമായി. തമിഴ്നാടും കാശിയും തമ്മിലുള്ള സാംസ്കാരിക ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് 10 ദിവസത്തെ സംഗമം സംഘടിപ്പിക്കുന്നത്. സംഗമത്തിൽ പങ്കെടുക്കാൻ ജനങ്ങളോട് പ്രധാനമന്ത്രി നരേന്ദ്രമോദി നിർദേശിച്ചു.

&&&&&&&&&&&&&&&&

## SURAJKUND CRAFT FAIR

ഹരിയാനയിലെ ഫരീദാബാദിൽ നടക്കുന്ന 38-ാമത് സൂരജ് കുണ്ഡ് അന്താരാഷ്ട്ര കരകൗശല മേളയിൽ സന്ദർശകരുടെ തിരക്ക് തുടരുന്നു. ഈജിപ്റ്റ്, എത്യോപ്യ, സിറിയ, അഫ്ഗാനിസ്ഥാൻ, ബെലറൂസ് തുടങ്ങി 42 ഓളം രാജ്യങ്ങളിൽ നിന്നുള്ള അറുനൂറോളം പ്രതിനിധികൾ മേളയിൽ പങ്കെടുക്കുന്നുണ്ട്. മേള ഈ മാസം 23 ന് സമാപിക്കും.

&&&&&&&&&&&&&&&&

## R RAJEEV - INVESTMENT

ഈ മാസം 21, 22 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിൽ 25 രാജ്യങ്ങളിൽ നിന്നുള്ള നയതന്ത്ര പ്രതിനിധികൾ പങ്കെടുക്കുമെന്ന് സംസ്ഥാന വ്യവസായ മന്ത്രി പി രാജീവ്. കേരളത്തിൻറെ താൽപര്യങ്ങൾ സംരക്ഷിക്കാൻ എല്ലാവരും ഒരുമിച്ച് നിൽക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&

## IMD

പടിഞ്ഞാറൻ ഹിമാലയൻ മേഖലകളിൽ ഇന്ന് മുതൽ മോശം കാലാവസ്ഥയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ മാസം 21 വരെ ജമ്മു-കശ്മീർ, ലഡാക്ക് ഗിൽഗിറ്റ്-ബാൾട്ടിസ്ഥാൻ-മുസാഫറാബാദ്, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ മഴ പ്രതീക്ഷിക്കുന്നു. വരുന്ന മൂന്നു ദിവസങ്ങളിൽ ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിലും സമാന കാലാവസ്ഥയായിരിക്കും. അടുത്ത 4 ദിവസങ്ങളിൽ മധ്യ ഇന്ത്യയിൽ കുറഞ്ഞ താപനിലയിൽ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ ക്രമേണ വർദ്ധനവുണ്ടാകുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

## MORN.US-UKRAINE

ഉക്രെയ്നിന്റെ സമാധാന ചർച്ചകളിൽ യൂറോപ്പ് പങ്കെടുക്കില്ലെന്ന് അമേരിക്ക. ജർമ്മനിയിലെ മ്യൂണിക്കിൽ ഇന്നലെ നടന്ന ആഗോള സുരക്ഷാ സമ്മേളനത്തിൽ പങ്കെടുത്ത ശേഷം യുഎസ് പ്രസിഡന്റിന്റെ സഹായിയും റഷ്യ - ഉക്രെയ്ൻ നയതന്ത്ര പ്രതിനിധിയുമായ കീത്ത് കെല്ലോഗ് ആണ് ഇക്കാര്യം വ്യക്തമാക്കിയത്. മേഖലയിൽ സമാധാനം സ്ഥാപിക്കുന്നതിനായി കെല്ലോഗ് ഇപ്പോൾ യൂറോപ്യൻ പര്യടനത്തിലാണ്. അതിനിടെ ഉക്രെയ്ന് പിന്തുണ നൽകുന്നതിൽ ഒരുമിച്ച് പ്രവർത്തിക്കാൻ യൂറോപ്യൻ രാജ്യങ്ങളോട് നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടെ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&

## BRICS SUMMIT

ഈ വർഷത്തെ ബ്രിക്സ് ഉച്ചകോടി റിയോ ഡി ജനീറോയിൽ ജൂലൈ 6,7 തീയതികളിൽ നടക്കും. ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക, മറ്റ് അംഗരാജ്യങ്ങൾ എന്നിവയാണ് ബ്രിക്സ് രാജ്യങ്ങൾ. 20 അംഗരാജ്യങ്ങളിൽ നിന്നും അനുബന്ധ രാജ്യങ്ങളിൽ നിന്നുമുള്ള നേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കും. സാമ്പത്തിക വികസനം, സഹകരണം, അംഗരാജ്യങ്ങളിലെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ സംബന്ധിച്ച പ്രധാന തീരുമാനങ്ങളിൽ യോഗം ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് ബ്രസീൽ വിദേശകാര്യ മന്ത്രി മൗറോ വിയേര പറഞ്ഞു.

&&&&&&&&&&&&&&&&

## UTTARAKHAND-CHAMOLI

ഉത്തരാഖണ്ഡിലെ ചമോലിയിൽ ഇന്ത്യ - ടിബറ്റ് അതിർത്തി പ്രദേശങ്ങൾ സന്ദർശിക്കുന്നതിനുള്ള ഇന്നർ ലൈൻ പെർമിറ്റ് ലഭ്യമാക്കുന്നതിന് ഓൺലൈൻ പോർട്ടൽ ആരംഭിച്ച് ചമോലി ജില്ലാ ഭരണകൂടം. അനുമതിക്കുള്ള അപേക്ഷകൾ മുമ്പ് നേരിട്ടാണ് സ്വീകരിച്ചിരുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&